**വിത്തമേവ കലൌ നൃണാം ജൻമാചാരഗുണോദയ**
**ധർമ്മന്യായവ്യവസ്ഥായാം കാരണം ബലമേവ ഹി (12-2-2)**
**ദാമ്പത്യേfഭീരുചിർഹേതുർമ്മായൈവ വ്യാവഹാരികേ**
**സ്ത്രീത്വേ പുംസ്ത്വേ ച ഹി രതിർവ്വിപ്രത്വേ സൂത്രമേവഹി (12-2-3)**
**ശംഭള ഗ്രാമമുഖ്യസ്യ ബ്രാഹ്മണസ്യ മഹാത്മന:**
**ഭവനേ വിഷ്ണുയശസ: കൽക്കി: പ്രാദുർഭവിഷ്യതി (12-2-18)**

*ശുകമുനി തുടർന്നു:*
ഭഗവാൻ കൃഷ്ണൻ ഇഹലോകവാസം വെടിഞ്ഞതോടെ കലിയുഗം ആരംഭിച്ചു. ഈ യുഗത്തിൽ ദിനംദിനം ധർമ്മം അധ:പതിക്കും. അതോടൊപ്പം മനുഷ്യൻെറ ആയുസ്സും, ശക്തിയും, ആരോഗ്യവും കുറഞ്ഞുവരും. “ഒരുവൻെറ കുലം, സ്വഭാവം, പെരുമാറ്റം ഇവയെ എല്ലാം സമ്പത്തിൻെറ മാനദണ്ഡം കൊണ്ടു മാത്രമായിരിക്കും കണക്കാക്കുക. ശക്തിയൊന്നു മാത്രമായിരിക്കും ഇടപാടുകളിൽ ധാർമ്മീകതയും നീതിയും നിശ്ചയിക്കാനുള്ള മാർഗ്ഗം. ഭാര്യാഭർത്താക്കൻമാരുടെ ബന്ധം പരസ്പരം ഇഷ്ടപ്പെടുന്നതിൻെറ അടിസ്ഥാനത്തിൽ മാത്രമായിരിക്കും. കച്ചവടഇടപാടുകളിൽ പരസ്പരം ചതി, സാധാരണമാവും. പുരുഷത്വവും സ്ത്രീത്വവും ലൈംഗീകാസക്തിയുടെ അടിസ്ഥാനത്തിൽ അളക്കപ്പെടും. ബ്രാഹ്മണരെ തിരിച്ചറിയാൻ അവരണിയുന്ന പൂണൂൽ മാത്രമേ ഉണ്ടാവൂ.” നിതിന്യായഭരണകർത്താക്കൻമാർപോലും കൈക്കൂലിയാലും അഴിമതിയാലും വഴിപിഴച്ചുപോവും. തലമുടിയാവും സൗന്ദര്യത്തിന്നാധാരം. സംസാരത്തിൻെറ ശക്തിക്കനുസരിച്ചാവും സത്യനിർണ്ണയം. പ്രശസ്തി ലഭിക്കാനായി മാത്രമാവും മനുഷ്യൻ സമൂഹത്തിനു നൻമ ചെയ്യുക. ജീവിതത്തിലെ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, സന്യാസം, വാനപ്രസ്ഥം എന്നീ ആശ്രമങ്ങൾ എല്ലാം ചേർന്ന് ഗാർഹസ്ഥ്യത്തിൽ മാത്രമൊതുങ്ങും.

ഈകാലത്ത് സജ്ജനങ്ങൾ അഴിമതി നിറഞ്ഞ നഗരജീവിതം അവസാനിപ്പിച്ച് സ്വയം വനത്തിലോ മലമുകളിലോ സ്വച്ഛജീവിതം നയിക്കും. അവർ ഫലമൂലാദികളും തേനും ഭക്ഷിച്ചു ജീവിക്കും. മറ്റിടങ്ങളിൽ ക്ഷാമം, സാംക്രമീകരോഗങ്ങൾ, വരൾച്ച, കൊടുങ്കാറ്റ്, എന്നിവയാൽ ജനം കഷ്ടപ്പെടും. അവരുടെ സമ്പത്ത് നികുതിയാലും അധാർമ്മീകജീവിതത്താലും നശിച്ച് വയസ്സെത്തും മുൻപ് അവർ മരിച്ചു പോവും. മരങ്ങൾപോലും അധാർമ്മീകരായ മനുഷ്യരുടെ നിഷ്ക്കരുണമായ ചൂഷണത്തിൻെറ ഫലമായി മുരടിച്ചു പോവും. പശുക്കൾ മെലിഞ്ഞ് വളരെക്കുറച്ചു പാലുമാത്രം തരും.

ആ സമയത്ത് ഭഗവാൻ ശംഭലമെന്ന ഗ്രാമത്തിൽ ഒരു ബ്രാഹ്മണഗൃഹത്തിൽ കൽക്കിയെന്ന നാമം ധരിച്ചവതരിക്കും. അസാമാന്യപ്രഭയോടെ അദ്ദേഹം നഗരങ്ങൾ പറന്നു സഞ്ചരിച്ച് കള്ളരാജാക്കൻമാരെയെല്ലാം നശിപ്പിക്കും. അതിനുശേഷം സത്യയുഗമാവും. ധാർമ്മീകതയുടെയും പവിത്രതയുടെയും യുഗം. സൂര്യൻ, ചന്ദ്രൻ, വ്യാഴം, എന്നിവ ഒരേ ഗൃഹത്തിലാവുകയും പുഷ്യനക്ഷത്രസഞ്ചയം ആരോഹണത്തിലാവുകയും ചെയ്യുമ്പോഴാണ് സത്യയുഗാരംഭം. ശന്തനുവിൻെറ സഹോദരനായ ദേവാപിയും ഇഷ്വാകുവംശത്തിലെ മരുവും കലാപഗ്രാമത്തിൽ വാസം തുടരും. സത്യയുഗം തുടങ്ങുമ്പോൾ അവർ മനുഷ്യരെധാർമ്മീകതയെപ്പറ്റി പഠിപ്പിക്കാൻ ജീവിച്ചിരിപ്പുണ്ടാവും.